**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത.വി.കുമാർ, ഐ.എ.എസ്.)

വിഷയം:- വനിത ശിശു വികസന വകുപ്പ് –അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി (സ്കീം കോഡ് KL247) - പോഷൺ ഭി പഠായി ഭി-2024-25 സാമ്പത്തിക വർഷത്തെ ട്രെയിനിംഗ് പൂർത്തീകരിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1.കേന്ദ്ര സർക്കാരിന്റെ 26.05.2025 തീയതിയിലെ CD-II/2/2025-CD-II നം. കത്ത്.

2.ഈ കാര്യാലയത്തിലെ 17.02.2025 തീയതിയിലെ DWCD/2332/2023-ICDSB8 നം. ഉത്തരവ് .

**ഉത്തരവ് നം. DWCD/3433/2025-ICDSB8 തീയതി: 12-02-2026**

മിഷൻ സക്ഷം അങ്കണവാടി & പോഷൻ 2.0 ന്റെ പ്രധാന ഘടകങ്ങളിൽ ഒന്നായ ആദ്യകാല ശിശു സംരക്ഷണവും വിദ്യാഭ്യാസവും. (ECCE) ദേശീയ വിദ്യാഭ്യാസ നയത്തിന് കീഴിൽ വിഭാവനം ചെയ്തിട്ടുള്ളതിൻ പ്രകാരം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന പദ്ധതിയാണ് പോഷൻ ഭി പഠായി ഭി. കുട്ടികൾക്ക് സമഗ്രവും ഗുണമേന്മയുള്ളതുമായ പ്രീ-പ്രൈമറി വിദ്യാഭ്യാസം പ്രദാനം ചെയ്യുക, ബാല്യകാല ആരോഗ്യ-പോഷകാഹാര സേവനങ്ങൾക്ക് ഊന്നൽ നൽകുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ടി പദ്ധതി നടപ്പിലാക്കുന്നതിനായി പ്രോഗ്രാം ഓഫീസർമാർ, ശിശുവികസന പദ്ധതി ഓഫീസർമാർ, ഐ സി ഡി എസ് സൂപ്പർവൈസർമാർ എന്നിവർക്ക് State Level Master Trainer മാർക്കുള്ള ട്രെയിനിംഗ് SPNIWCD മുഖേന നൽകിയിട്ടുണ്ട്. State Level Master Trainers മുഖേന സംസ്ഥാനത്തെ അങ്കണവാടി വർക്കർമാർക്കും ട്രെയിനിംഗ് നൽകേണ്ടതുണ്ട്.

കേന്ദ്ര സർക്കാരിൽ നിന്നുള്ള നടപ്പ് സാമ്പത്തിക വർഷത്തെ അംഗീകൃത APIP പ്രകാരം പോഷൺ ഭി പഠായി ഭി ട്രെയിനിംഗിനായി കേന്ദ്ര വിഹിതമായി അംഗീകരിച്ചിട്ടുള്ള 268.92 ലക്ഷം രൂപയും ആനുപാതിക സംസ്ഥാന വിഹിതമായ 179.28 ലക്ഷം രൂപയും ചേർത്ത് ആകെ 448.2 ലക്ഷം രൂപ പ്രസ്തുത ട്രെയിനിംഗിനായി വിനിയോഗിക്കാവുന്നതാണ്.

പോഷൺ ഭി പഠായി ഭി മാർഗനിർദേശപ്രകാരം മൂന്നു ദിവസമായി നടത്തുന്ന ഒരു ബാച്ച് ട്രെയിനിംഗിൽ പങ്കെടുപ്പിക്കേണ്ട അങ്കണവാടി വർക്കർമാരുടെ എണ്ണം 100 ആണ്. 2024-25 സാമ്പത്തിക വർഷം 33120 അങ്കണവാടികളിലെ 21600 അങ്കണവാടി വർക്കർമാർക്ക് പരാമർശം (2) പ്രകാരം ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ആയതിന്റ ബാക്കിയുള്ള അങ്കണവാടി വർക്കർമാർക്ക് ട്രെയിനിംഗ് നൽകേണ്ടതുണ്ട്.

ടി സാഹചര്യത്തിൽ ചുവടെ പറയുന്ന പട്ടിക പ്രകാരം ഒരു ബാച്ച് ട്രെയിനിംഗിന് 1,85,000/- രൂപ എന്ന നിരക്കിൽ ബാക്കിയുള്ള 109 ബാച്ചുകൾ സംഘടിപ്പിക്കുന്നതിന് 2,01,65,000/- രൂപ (രണ്ട് കോടി ഒരു ലക്ഷത്തി അറുപത്തയ്യായിരം രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

BUDGET

| Sl.No. | Details | Cost (INR) |
|---|---|---|
| a | Training Hall Rent @4000 per day (in case no AWTC/MLTC is available) | 12,000 |
| b | Snacks, Tea, Water, Lunch(@INR 300 per person per day) | 90,000 |
| c | Kit (Training Material, Bag Folder) and stationery (pen, writing pad) for participants (@INR 300 per person per batch) | 30,000 |
| d | TA for Anganawadi Worker within districts (@INR 150 per person per day) | 45,000 |
| e | Contingency including banner | 8000 |
| | Total cost for training for 1 batch (Batch size of 100 people) | 1,85,000/- |

ഓരോ ജില്ലകളിലുമുള്ള അങ്കണവാടികളുടെ എണ്ണത്തിന്റെ അനുപാതമനുസരിച്ച് 109 ബാച്ചുകൾക്ക് ചുവടെ പട്ടിക പ്രകാരം 2,01,65,000/- രൂപ (രണ്ട് കോടി ഒരു ലക്ഷത്തി അറുപത്തയ്യായിരം രൂപ മാത്രം) പ്രോഗ്രാം ഓഫീസർമാർക്ക് SNA Sparsh Module മുഖേന [5] TRAINING [KL] എന്ന component പ്രകാരം പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിച്ചുത്തരവാകുന്നു. പ്രസ്തുത തുക ജില്ലാവനിതാശിശുവികസന ഓഫീസർമാർ SNA Sparsh മൊഡ്യൂൾ പ്രകാരം പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിക്കേണ്ടതാണ്.

| | ജില്ല | നടത്തേണ്ട ബാച്ചുകളുടെ എണ്ണം | അനുവദിക്കേണ്ട തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 10 | 1850000 |
| 2 | കൊല്ലം | 9 | 16,65,000 |
| 3 | പത്തനംതിട്ട | 4 | 7,40,000 |
| 4 | ആലപ്പുഴ | 9 | 16,65,000 |
| 5 | കോട്ടയം | 8 | 14,80,000 |
| 6 | ഇടുക്കി | 5 | 9,25,000 |
| 7 | എറണാകുളം | 8 | 14,80,000 |
| 8 | തൃശ്ശൂർ | 10 | 18,50,000 |
| 9 | പാലക്കാട് | 10 | 18,50,000 |
| 10 | മലപ്പുറം | 12 | 22,20,000 |
| 11 | കോഴിക്കോട് | 11 | 20,35,000 |
| | | | |

| | | | |
|---|---|---|---|
| 12 | വയനാട് | 2 | 3,70,000 |
| 13 | കണ്ണൂർ | 7 | 12,95,000 |
| 14 | കാസർഗോഡ് | 4 | 7,40,000 |
| | | 109 | 2,01,65,000 |

ടി ട്രെയിനിംഗ് പൂർത്തിയാക്കി റിപ്പോർട്ട്, മേൽ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, ചെലവ് വിവരം എന്നിവ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ജില്ലാ ഓഫീസർമാർ ശേഖരിക്കേണ്ടതും താമസം വിന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരമുള്ള എക്സ്പൻറിച്ചർ സ്റ്റേറ്റ്മെൻറ്, യു.സി. എന്നിവ ഈ കാര്യാലയത്തിൽ 2026 ഫെബ്രുവരി 28 നകം തന്നെ ലഭ്യമാക്കേണ്ടതാണ്.

ഓരോ ദിവസത്തെയും ഷെഡ്യൂൾ, ഗൈഡ് ലൈൻസ്, പരിശീലനത്തിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.പോഷൺ ട്രി പഠായി പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി Store Purchase മാനദണ്ഡങ്ങൾ പാലിച്ച് ട്രെയിനിംഗ് സംഘടിപ്പിക്കേണ്ടതാണ്. ട്രെയിനിംഗിന് മുന്നോടിയായി പ്രോഗ്രാം ഓഫീസർമാർ ശിശുവികസന പദ്ധതി ഓഫീസർമാരുടെ മീറ്റിംഗ് നടത്തേണ്ടതും ഒരു ബാച്ച് 100 പേർ എന്ന തരത്തിൽ പ്രോജക്ടുകളിലെ വർക്കർമാരെ ക്രമീകരിച്ച് നൽകേണ്ടതും, ജില്ലയിലെ ട്രെയിനിംഗ് നേരിട്ട് വിലയിരുത്തേണ്ടതുമാണ്.

ഇതിലേക്കാവശ്യമായ ആകെ തുകയായ 2,01,65,000/- രൂപ (കേന്ദ്ര വിഹിതം 12,099,000/- രൂപയും സംസ്ഥാന വിഹിതമായ 8,066,000/- രൂപയും ചേർത്ത്) നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-1802 ശീർഷകത്തിൽ നിന്നും SNA Sparsh മൊഡ്യൂൾ പ്രകാരം അനുവദിക്കാവുന്നതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ല വനിത ശിശുവികസന
ഓഫീസർമാർക്കും

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. സൂപ്രണ്ട് അക്കൗണ്ട് സെക്ഷൻ (ലിമിറ്റ് സെറ്റ് ചെയ്യുന്നതിന്)

3. സൂപ്രണ്ട്, പ്ലാനിംഗ് സെൽ

4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Bindu

സൂപ്രണ്ട്